ഉത്തരം

(എ-ബി) ഇപ്പോൾ പരിഗണനയിലില്ല.

സർട്ടിഫിക്കറ്റ് നൽകാൻ നടപടി

38 (39) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ചേലേമ്പ്ര പ്ലാശ്ശേരി വീട്ടിൽ പി. ശങ്കരൻ നായർ കേന്ദ്ര ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി, സംസ്ഥാന ഫാമിലി പെൻഷന് അപേക്ഷിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഫയർഫോഴ്സ് കമാണ്ടന്റ് ആഫീസിൽ നിന്നും ലഭിക്കുന്നതിനുവേണ്ടി സർക്കാരിന് അപേക്ഷ നൽകിയിരുന്നുവോ ;

(ബി) ശങ്കരൻ നായർക്ക് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) സിവിൽ സർവ്വീസ് ഫാമിലി പെൻഷൻ അനുവദിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് നൽകണമെന്നാണ് ശ്രീ. ശങ്കരൻ നായർ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്. കുടുംബപെൻഷൻ അനുവദിക്കുന്നത് അക്കൗണ്ടന്റ് ജനറൽ ആഫീസിൽ നിന്നാണ്. ആയത് 1978-ൽ അനുവദിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള കുടുംബ പെൻഷൻ റദ്ദ് ചെയ്ത് ഉത്തരവ് ഉണ്ടാകുന്നതിലേയ്ക്ക് അക്കൗണ്ടന്റ് ജനറൽ ആഫീസിലേയ്ക്ക് 1994-ൽ എഴുതിയിട്ടുള്ളതും ഇത് സംബന്ധിച്ച വിവരം ശ്രീ. പി. ശങ്കരൻ നായരെ അറിയിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ 1995-ന് ശേഷം ഇത് സംബന്ധിച്ച പരാതിയോ നിവേദനമോ ലഭിച്ചിരുന്നില്ല. 14-11-2000-ൽ ലഭിച്ച ഒരു നിവേദനത്തിന്മേൽ ഇത് സംബന്ധിച്ച ചില വിവരങ്ങൾകൂടി അറിയിക്കാൻ ശ്രീ. ശങ്കരൻ നായരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പദ്ധതി ചെലവ്

39 (40) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് എത്ര രൂപയായിട്ടായിരുന്നു നിശ്ചയിച്ചിരുന്നത് ;

(ബി) 2001 ജനുവരി 31 വരെ എത്ര രൂപ ഈ ഇനത്തിൽ ചെലവഴിച്ചു ;

(സി) കൃഷി, വ്യവസായം, വൈദ്യുതി, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ എന്നീ ഇനങ്ങളിലേയ്ക്ക് നടപ്പു സാമ്പത്തിക വർഷം എന്തു തുകയാണ് നീക്കിവച്ചതെന്നും അതിൽ 2001 ജനുവരി 31 വരെ എന്തു തുക ചെലവാക്കിഎന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly